ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര സി.എച്ച്.സി.

65 (757) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി.-യെ സി.എച്ച്.സി. ആക്കി ഉയർത്തിയെങ്കിലും അതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാത്തതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 18 കിടക്കകളോടുകൂടിയ എലിഞ്ഞിപ്ര പി.എച്ച്.സി.-യിൽ ശരാശരി ഒ.പി. 300-ഉം ഐ.പി. 12-ഉം ആണ്. ഈ സ്ഥാപനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ താഴെ പറയുന്നു :

തസ്തിക	അനുവദിക്കപ്പെട്ട എണ്ണം
(1)	(2)
സിവിൽ സർജൻ	1
അസിസ്റ്റന്റ് സർജൻ	2
ഹെഡ് ക്ലാർക്ക്	1
ക്ലാർക്ക്	3
ഓഫീസ് അസിസ്റ്റന്റ്	1
ഹെൽത്ത് സൂപ്പർവൈസർ	1
ഹെൽത്ത് ഇൻസ്പെക്ടർ	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	1
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	7
സ്റ്റാഫ് നേഴ്സ്	3
നഴ്സിംഗ് അസിസ്റ്റന്റ്	1
പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസർ	1
പബ്ലിക് ഹെൽത്ത് നേഴ്സ്	2
ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2	1
പി.ടി.സി.	1
ഡ്രൈവർ	1
ലാബ് ടെക്നീഷ്യൻ	1
ഫാർമസിസ്റ്റ്	1
ഒപ്പോമെട്രിസ്റ്റ്	1

(ബി) 26-5-2014-ലെ സ.ഉ.(സാധ) നമ്പർ 1669/14/ആ.ക.വ. 1-1-2015-ലെ സ.ഉ. (സാധ) നമ്പർ 4/15/ആ.ക.വ. എന്നീ ഉത്തരവുകൾ പ്രകാരം എലിഞ്ഞിപ്ര സി.എച്ച്.സി.-യിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കിടത്തി ചികിത്സാസൗകര്യം നിലവിലുള്ള ഈ ആശുപത്രിയിലെ ശരാശരി ഐ.പി. 12 ആണ്. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വനിതാ വാർഡിന്റെ നിർമ്മാണം നടന്നുവരുന്നു.

കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി

66 (758) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ സ്പെഷ്യൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly